# പതിനാലാം കേരള നിയമസഭ
## പതിനാറാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ:2834

06.11.2019-ലെ മറുപടി

### പ്രളയാനന്തരം കേടുപാടുകൾ സംഭവിച്ച കുടിവെള്ള സ്രോതസ്സുകളുടെ പുനർനിർമ്മാണം

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ.റോഷി അഗസ്റ്റിൻ | | കെ.കൃഷ്ണൻ കുട്ടി<br>(ജലവിഭവ വകുപ്പുമന്ത്രി) | |
| (എ) | ഇടുക്കി ജില്ലയിൽ പ്രളയാനന്തരം കേടുപാടുകൾ സംഭവിച്ചിട്ടുള്ള കുടിവെള്ള സ്രോതസ്സുകളുടെ പുനർനിർമ്മാണത്തിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; ഏതെല്ലാം മേഖകളിലാണെന്ന് വ്യക്തമാക്കുമോ; | (എ) | ഇടുക്കി ജില്ലയിൽ പ്രളയം മൂലം കേരള വാട്ടർ അതോറിറ്റിയുടെ കുടിവെള്ള സ്രോതസ്സുകളിൽ മണ്ണും ചെളിയും കയറുകയും കിണറുകളിൽ ചെളി കയറി പമ്പിംഗ് തടസ്സപ്പെടുകയും ചെയ്തു. വിവിധ പദ്ധതികളുടെ പൈപ്പ് ലൈനുകൾ, സംരക്ഷണ ഭിത്തി എന്നിവയ്ക്ക് കേടുപാടുകൾ സംഭവിക്കുകയും ചെയ്തിട്ടുണ്ട്.<br><br>കുടിവെള്ള സ്രോതസ്സുകളായ കാളിയാർ, മേത്തലപ്പാറ എന്നിവിടങ്ങളിലെ കിണറുകളിൽ പ്രളയംമൂലം ചെളി കയറിയത് നീക്കം ചെയ്യുകയും ജലവിതരണം പുനഃസ്ഥാപിക്കുകയും ചെയ്തിട്ടുണ്ട്.<br><br>ശുദ്ധജലവിതരണ പദ്ധതികളായ കമളി, ഉപ്പുതറ, ഹെലിബെറിയ എന്നിവയുടെ ഉറവിടങ്ങളിൽ പ്രളയം മൂലം അടിഞ്ഞുകൂടിയ ചെളി നീക്കം ചെയ്തിട്ടുണ്ട്.<br><br>പ്രളയം മൂലം കേടുപാടുകൾ സംഭവിച്ച മൂന്നാർ, കുഞ്ചിത്തണ്ണി, നെടുംകണ്ടം എന്നീ മേഖലകളിലെ ഉറവിടങ്ങൾ ചെളിയും മണ്ണും അടിഞ്ഞു കൂടിയത് ശുചിയാക്കുകയും നവീകരിക്കുകയും ചെയ്തിട്ടുണ്ട്.<br><br>ഉപ്പുതറ പദ്ധതിയുടെ സ്രോതസ്സിൽ നിന്നും പ്രളയം കാരണം വന്ന ചെളി നീക്കം ചെയ്യുന്നതിനുള്ള നടപടി സ്വീകരിച്ചു വരുന്നു.<br><br>വെള്ളത്തൂവൽ കൊന്നത്തടി ശുദ്ധ ജല വിതരണ പദ്ധതിയിൽ കിണറിനോട് ചേർന്ന കൺട്രോൾ റൂം ചെരിഞ്ഞു പോവുകയും തടയണ പ്രളയത്തിൽ ഒലിച്ചു പോവുകയും ചെയ്തു. ഇവ പുനസ്ഥാപിക്കുന്ന ജോലികൾ നടന്നുവരുന്നു.<br><br>കൂടാതെ ട്രാൻസ്ഫോർമർ വെള്ളത്തിൽ മുങ്ങി കേടുപാട് സംഭവിച്ചത് നന്നാക്കാനുള്ള ദർഘാസ്സ് |

| ചോദ്യം | | | മറുപടി |
|---|---|---|---|
| | | | നടപടികൾ നടന്നു വരുന്നു.<br><br>തൊടുപുഴ നഗര ശുദ്ധജലവിതരണ പദ്ധതി യുടെ ജലശുദ്ധീകരണശാലയുടെ സംരക്ഷണ ഭിത്തിയുടെ കേടുപാടുകൾ പരിഹരിക്കുന്ന നടപടികൾ 60% പൂർത്തിയായി.<br><br>ഉടുമ്പൻ ചോല കുടിവെള്ള പദ്ധതിയുടെ സ്രോതസ്സിലെ വെൽ കം പമ്പ് ഹൗസ്, ഗാലറി എന്നിവയിൽ ചെളി കയറിയത് മാറ്റുകയും കേടുപാട് വന്ന പമ്പ് സെറ്റുകൾ, വയറിങ് സംവിധാനങ്ങൾ എന്നിവ നന്നാക്കുകയും ചെയ്തു. സംരക്ഷണ ഭിത്തിയ്ക്കുണ്ടായ നാശനഷ്ടങ്ങൾ പുനരുദ്ധരിച്ചു. പ്രെഷർ ഫിൽറ്റർ നന്നാക്കി.<br><br>പെരുവന്താനം-കൊക്കയാർ കുടിവെള്ള പദ്ധതിയിലേക്കും പെരുവന്താനം-നെടിയോരം മേഖലയിലെ കേടായ പൈപ്പുകൾക്ക് പകരം പുതിയ പൈപ്പ് ലൈനുകൾ സ്ഥാപിച്ചിട്ടുണ്ട്.<br><br>കൂടാതെ ജലനിധി പദ്ധതി വഴി നിർമ്മാണം പൂർത്തിയാക്കി ജലവിതരണം നടന്നുവന്നിരുന്ന 16 ഗ്രാമപഞ്ചായത്തുകളിലെ 210 കുടിവെള്ള വിതരണ പദ്ധതികൾ 2018 ലെ പ്രളയത്തിൽ കേടുപാടുകൾ സംഭവിച്ചതിൽ 201 പദ്ധതികളുടെ പുനർനിർമ്മാണം പൂർത്തിയാക്കിയിട്ടുണ്ട് . സംസ്ഥാന സർക്കാർ അനുവദിച്ച SDRF ഫണ്ടിൽ നിന്നുമാണ് ടി പ്രവൃത്തികൾ നടത്തി വരുന്നത് . അടിമാലി (5), കഞ്ഞിക്കുഴി (2), കൊന്നത്തടി (1), നെടുങ്കണ്ടം (1), എന്നിങ്ങനെ 4 പഞ്ചായത്തുകളിലായി 9 പദ്ധതികളുടെ പുനർനിർമ്മാണം 2020 മാർച്ചിനുള്ളിൽ പൂർത്തിയാക്കുന്നതാണ് . ടി പ്രവൃത്തികൾ നടപ്പിലാക്കുന്നത് KRWSA യുടെ റീജിയണൽ പ്രോജക്റ്റ് മാനേജ്മെന്റ് യൂണിറ്റിന്റെ സംവിധാനം ഉപയോഗിച്ചാണ്. 2019 ലെ പ്രളയക്കെടുതിയിൽ 6 പഞ്ചായത്തുകളിലായി 39 ജലനിധി പദ്ധതികൾക്ക് കേടുപാടുകൾ സംഭവിച്ചിട്ടുണ്ട് . ആയതിന്റെ വിശദമായ എസ്റ്റിമേറ്റ് തയ്യാറാക്കി വരുന്നു.<br><br>ഇടുക്കി ജില്ലയിൽ പ്രളയം മൂലം ജലനിധി കുടിവെള്ള സ്രോതസ്സുകൾക്ക് കേടുപാടുകൾ സംഭവിച്ച മേഖലകൾ ചുവടെ പറയുന്ന ഗ്രാമ പഞ്ചായത്തുകളിലാണ് . |

| ചോദ്യം | | മറുപടി | |
|---|---|---|---|
| | | | 1. കഞ്ഞിക്കുഴി<br>2. നെടുംകണ്ടം<br>3. കൊന്നത്തടി<br>4. മാങ്കുളം<br>5. വാത്തിക്കുടി<br>6. അറക്കുളം |
| (ബി) | റീബിൽഡ് കേരളയുടെ ഭാഗമായി കുടിവെള്ള ലഭ്യത ഉറപ്പാക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ നൽകുമോ? | (ബി) | പരിഗണനയിലാണ്. |

സെക്ഷൻ ഓഫീസർ